ജില്ല	സ്ഥലത്തിന്റെ പേര്	എണ്ണം
തൃശ്ശൂർ	എടക്കഴിയൂർ	1
കോഴിക്കോട്	ചോമ്പാൽ	1
കണ്ണൂർ	ന്യൂമാഹി	1
കാസർഗോഡ്	ഹോസ്ദുർഗ്	1
	ആകെ	12

(സി) ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയ എസ്റ്റിമേറ്റ് അനുസരിച്ച് ഓരോന്നിനും 60,000 രൂപവച്ചാണ് കണക്കാക്കിയിട്ടുള്ളത്.

2004-2005-ലെ സാമ്പത്തിക വളർച്ചാനിരക്ക്

27 [964] *ശ്രീ. തോമസ് ഐസക്:*
ശ്രീ. പി. സി. ജോർജ്:
" *എം. വി. ജയരാജൻ:*
" *എ. കെ. ബാലൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കൊല്ലം ലക്ഷ്യമിട്ടിരിക്കുന്ന സാമ്പത്തികവളർച്ചാ നിരക്ക് എത്രയാണ്; ഈ ലക്ഷ്യം നേടുന്നതിന് സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(ബി) 2004-2005-ൽ ലക്ഷ്യമിട്ടിരുന്ന വളർച്ചാനിരക്ക് എത്രയായിരുന്നു; പ്രസ്തുത ലക്ഷ്യം പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(സി) 2004-2005-ലെ വാർഷികപദ്ധതിയിൽ ഏതെല്ലാം മേഖലകൾക്കാണ് ഊന്നൽ നൽകിയത്; പ്രസ്തുത വർഷത്തെ മേഖലാടിസ്ഥാനത്തിലുള്ള പദ്ധതി വിഹിതം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഇതിൽ ഓരോ മേഖലയിലും ചെലവഴിച്ച തുക എത്രവീതമെന്ന് വെളിപ്പെടുത്തുമോ;

(ഇ) പത്താം പദ്ധതിയിൽ സംസ്ഥാനം കൈവരിക്കേണ്ട ലക്ഷ്യങ്ങളെ സംബന്ധിച്ച് ആസൂത്രണ കമ്മീഷൻ നിർദ്ദേശം വച്ചിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇക്കൊല്ലം ലക്ഷ്യമിട്ടിരിക്കുന്ന വളർച്ചാനിരക്ക് 6.5 ശതമാനമാണ്. ഈ ലക്ഷ്യം നേടുന്നതിന് ആവശ്യമായിട്ടുള്ള പദ്ധതികളും പരിപാടികളും 2005-2006-ൽ വാർഷികപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഉൽപ്പാദനമേഖലയിലും പശ്ചാത്തല മേഖലയിലും വേണ്ടത്ര വിഹിതവും നീക്കിവെച്ചിട്ടുണ്ട്. ഉല്പാദന മേഖലയിൽ 165103 ലക്ഷം രൂപയും പശ്ചാത്തലമേഖലയിൽ 78135 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

(ബി) 2004-2005-ൽ ലക്ഷ്യമിട്ടിരുന്ന വളർച്ചാനിരക്ക് 6.5 ശതമാനമായിരുന്നു. യഥാർത്ഥത്തിൽ കൈവരിച്ച വളർച്ചാനിരക്ക് കണക്കാക്കിവരുന്നതേയുള്ളൂ.

(സി) 2004-2005-ലെ വാർഷികപദ്ധതിയിൽ കൃഷി, അനുബന്ധ സേവനങ്ങൾ, ഊർജ്ജം, ജലസേചനം, വ്യവസായം, വിവരസാങ്കേതികവിദ്യ, അടിസ്ഥാന സൗകര്യ വികസനം, വിനോദസഞ്ചാരം, വിദ്യാഭ്യാസം, ആരോഗ്യം, കുടിവെള്ളം, ദാരിദ്ര്യ നിർമ്മാർജ്ജനം എന്നീ മേഖലകൾക്കാണ് ഊന്നൽ നൽകിയത്. മേഖലാടിസ്ഥാനത്തിലുള്ള പദ്ധതിവിഹിതം താഴെ പറയുംപ്രകാരമാണ്:

മേഖല	പദ്ധതി വിഹിതം (രൂപ ലക്ഷത്തിൽ)
1. കൃഷിയും അനുബന്ധ സർവ്വീസുകളും	17079.85
2. ഗ്രാമവികസനം	23745.48
3. സഹകരണം	1319.40
4. ജലസേചനം	8136.25
5. വൈദ്യുതി	70400.00
6. വ്യവസായം	20562.30
7. ഗതാഗതം	32571.00
8. ശാസ്ത്രം, ഗവേഷണം	4250.00
9. സാമൂഹ്യ സേവനം	67641.23
10. സാമ്പത്തിക സർവ്വീസുകൾ	15335.81
11. പൊതു സർവ്വീസുകൾ	3419.30
12. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം	116853.00
13. ഒറ്റ തവണയായുള്ള അധിക കേന്ദ്രസഹായം	10043.00
ആകെ	391358.62

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ചെലവഴിച്ച തുക താഴെ കൊടുക്കുന്നു:

മേഖല	പദ്ധതിച്ചെലവ് (രൂപ ലക്ഷത്തിൽ)
1. കൃഷിയും അനുബന്ധ സർവ്വീസുകളും	18882.05
2. ഗ്രാമവികസനം	15592.61
3. സഹകരണം	1142.18
4. ജലസേചനം	17122.77
5. വൈദ്യുതി	45373.03
6. വ്യവസായം	20366.35
7. ഗതാഗതം	37872.11
8. ശാസ്ത്രം, ഗവേഷണം	3383.76
9. സാമൂഹ്യ സേവനം	64680.63
10. സാമ്പത്തിക സർവ്വീസുകൾ	3129.07
11. പൊതു സർവ്വീസുകൾ	3067.22
12. തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കുള്ള വിഹിതം	116421.51
13. ഒറ്റ തവണയായുള്ള അധിക കേന്ദ്രസഹായം	1500.00
ആകെ	348533.29

(ഇ) നിർദ്ദേശം വച്ചിട്ടുണ്ട്.

കേരളത്തിന്റെ സാമ്പത്തികസ്ഥിതിയെക്കുറിച്ച്

28 [965] *ശ്രീ. ഷിബു ബേബി ജോൺ:*

,, *ടി. എം. ജേക്കബ്:*

,, *ആർ. ബാലകൃഷ്ണപിള്ള:*

,, *ജോണി നെല്ലൂർ:*

,, *കെ. ബി. ഗണേഷ് കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly